# പ്രസന്നകേരളം



സി. ജെ. തോമസ്, ബി. എ. ബി. എൽ.


## പട്ടം രാജിവയ്ക്കണം

ഇതിനകം പ്രസിദ്ധമായികഴിഞ്ഞിട്ടുള്ള ശ്രീ പട്ടംതാണുപിള്ളയവർകളുടെ പുന്നപ്രപ്രസംഗത്തിൽ അദ്ദേഹം സർ സി. പി. രാമസ്വാമി അയ്യരുടെ സാക്ഷിപത്രത്തിന് തനിക്കൊരു ഉത്തരവാദിത്വവുമില്ലെന്നും അതുകൊണ്ട് തനിക്ക് ഒരു നഷ്ടം വരുവാനില്ലെന്നും, സമർത്ഥിച്ചുകൊണ്ട് വാദിച്ചതായി പത്രങ്ങളിൽ കണ്ടു. അദ്ദേഹം പറഞ്ഞതു് അത്രത്തോളം ശരിയാണ്. അധികാരത്തിന്റെ കണ്ണിൽ "നല്ലപിള്ള"യാകുന്നതു് ഒരു സ്വാതന്ത്ര്യഭടന് അത്ര നിഷിദ്ധമാണെങ്കിൽ ഫരീദ്കോട്ട് ദർബാറിൽ നിന്നും ഇതിലും നല്ല ഒരു സർട്ടിഫിക്കററ് കരസ്ഥമാക്കിയ പണ്ഡിററ് നെഹ്റു എന്തുചെയ്യണം. രാഷ്ട്രീയ സമരത്തിന്റെ ഗതികളിൽ അങ്ങനെയൊക്കെ സംഭവിക്കാം. അതിനു ശ്രീ പട്ടത്തിനു് കർത്തവ്യഭാരമാരോപിക്കുന്നതു് അനീതിയുമാണ്. പക്ഷെ അതുകൊണ്ട് സ്റ്റേററ് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷസ്ഥാനത്തു് അങ്ങേര് അമ്മിക്കല്ലുപോലെ അനങ്ങാതെ ഇരിക്കണമെന്ന് സിദ്ധിക്കുന്നില്ല. ഇന്നത്തെ തിരുവിതാംകൂറിലെ പരിതസ്ഥിതിയിൽ ശ്രീ പട്ടംതാണുപിള്ളയ്ക്കു് ചെയ്യാവുന്നതിൽ ഏററവും ദേശാഭിമാനകരമായ സേവനം പ്രസിഡണ്ടുസ്ഥാനം രാജിവെച്ച് മാനസികമായും, കായികമായും അതിൽ കെൽപ്പുള്ള മറെറാരാളെയെങ്കിലും ആ സ്ഥാനത്തേക്ക് ക്ഷണിക്കുക എന്നതാണ്. അതിനു മതിയായ കാരണങ്ങളുണ്ട്. അവ ശ്രീ പട്ടത്തെ ബോദ്ധ്യപ്പെടുത്തുവാൻ പര്യാപ്തമായാലും ഇല്ലെങ്കിലും (ഇല്ലെന്ന് എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്.) അവ എന്താണെന്നറിയുവാൻ നാട്ടുകാർക്കവകാശമുണ്ടല്ലൊ.

ദേശീയ നേതൃത്വത്തെ വിമർശിക്കുകയെന്നതു് അപകടം പിടിച്ച ഒരേർപ്പാടാണ്. അതുചെയ്യുന്ന വ്യക്തികൾ പൊതുജനവിദ്വേഷത്തെ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. അവ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ പ്രചാരംകുറഞ്ഞുപോയെന്നും വരാം. രാഷ്ട്രീയകക്ഷികളുടെ നിലനിൽപ്പുതന്നെ ഇളകിയാടിയെന്നും വരാം. ഈ സ്വഭാവഗതി ഒരു മാനസികരോഗമാണ്, അതു ശതാബ്ദങ്ങളായിട്ടുള്ള അഭിമാനത്തിന്റെ തിക്തഫലവുമാണ്. നീണ്ട ഒരു സ്വാതന്ത്ര്യസമരം പറയത്തക്ക വിജയങ്ങളൊന്നും കൂടാത്ത ഒന്ന്, നിരാശാഭരിതരായ ഒരു ജനതയുടെ മനസ്സിൽ കുത്തിവെച്ച ഒരു രോഗമാണതു്. എന്തിനെയും ഭയം, ആരെയും സംശയം വിമർശനങ്ങളോട് അവ എത്രതന്നെ മിതമായിരുന്നാലും അസഹിഷ്ണുത ഇവയെല്ലാമാണ്, ആത്മാർത്ഥമായി ചിന്തിക്കുന്ന ഒരു ദേശാഭിമാനിയുടെ ഇന്നത്തെ ചിന്താഗതി. ചുരുക്കത്തിൽ പ്രജാധിപത്യപ്രസ്ഥാനങ്ങളുടെ കാതലായ വിമർശനബുദ്ധിയും അതിലുള്ള സ്വാതന്ത്ര്യവും നശിക്കുന്നു. വിമർശിക്കുന്നവരോട് വിദ്വേഷവും വെറുപ്പും തോന്നുന്നു.

ഈ മനോഭാവം രാഷ്ട്രീയ പ്രവർത്തനത്തിന് പററിയതല്ല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിരന്തരപരിവർത്തനത്തിനധീനമാണ്. കാലം ചെല്ലുന്തോറും നയങ്ങളും അവയെ നയിക്കുന്നവരും മാറിക്കൊണ്ടിരിക്കും. കഴിഞ്ഞകാലത്തെ സമരതന്ത്രം ഇന്ന് പ്രയോജനകരമായിരിക്കുകയില്ല. വ്യക്തിമാഹാത്മ്യത്തിലും പ്രൗഢിയിലും ആശ്രയിച്ചുനിന്ന രാഷ്ട്രീയപ്രവർത്തനരീതി ജന്മിത്വകാലത്തിന് പററിയതായിരുന്നു. പക്ഷെ ഇന്ന് ജനങ്ങളോടു ചേർന്നിന്ന് അവരുടെ പിൻബലം സമ്പാദിക്കുന്ന പ്രവർത്തകനു മാത്രമേ ആത്മവിശ്വാസമുണ്ടായിരിക്കയുള്ളു. അവന്റെ ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം അവൻ സാധാരണജനങ്ങളെ പ്രതിനിധീകരിക്കുന്നുവെന്ന ബോധ്യവും അവരിലുള്ള അടിയുറച്ച വിശ്വാസവുമാണ്. അതിനു കഴിവോ അർഹതയോ ഇല്ലാത്ത ദേശാഭിമാനി സദാ ഈർഷ്യാലുവായിരിക്കും. രാഷ്ട്രീയസംഘടനകൾ മനുഷ്യർ സൃഷ്ടിക്കുന്നതാണെന്നും, നേതാക്കന്മാർ മനുഷ്യരാണെന്നും ഓർമ്മിച്ചു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാത്ത പക്ഷം വളരുന്നതു് ജനാധിപത്യമല്ല, ഫാസിസമായിരിക്കും, ജനാധിപത്യത്തിന്റെ മൗലിക തത്വം ജനങ്ങൾ ചിന്തിക്കുകയും അഭിപ്രായപ്രകടനം ചെയ്യുകയും ചെയ്യുന്നുവെന്നതാണ് അതിമാനുഷന്മാർക്ക് ജനാധിപത്യത്തിൽ സ്ഥാനമില്ല. വിമർശനാതീതമായ തത്വങ്ങളും വ്യക്തികളും ജനിക്കുമ്പോൾ ജനാധിപത്യം നിലച്ചു. ഫാസിസം തുടങ്ങിയെന്നനുമാനിക്കാം. വിമർശനംകൊണ്ട് തകർന്നുപോകുമെന്ന ഭീതി കാണിക്കുന്നതുതന്നെ കുററസമ്മതത്തിന് തുല്യമാണ്. വിമർശനംകൊണ്ട് ആകാശമൊന്നും ഇടിഞ്ഞുവീഴുകയില്ല. ദേശീയ ജനാധിപത്യസമരത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതവുമാണ്. ശ്രീ. പട്ടത്തിന്റെ പ്രവർത്തനത്തെപ്പററി അഭിപ്രായഭിന്നതയുള്ള വ്യക്തികളും വിഭാഗങ്ങളും തിരുവിതാംകൂറിലെ ദേശാഭിമാനികളുടെ ഇടയിൽ ഉണ്ടായിരുന്നു. ഇന്നും ഉണ്ട്. പക്ഷെ അവരെ ജനങ്ങൾ തെററിദ്ധരിച്ചേക്കുമെന്ന് ഭയന്നും സ്വാർത്ഥതയും വിദ്വേഷവും അവരിൽ ആരോപിക്കപ്പെടുമെന്ന് വിചാരിച്ചും അവർ നിശ്ശബ്ദത പാലിക്കയാണ് ചെയ്തിട്ടുള്ളതു്. ചിലപ്പോൾ ആ നയം വിവേകമാണെന്നും വാദിക്കുന്നവരുമുണ്ടായേക്കാം. പക്ഷെ അതു് ഭീരുത്വം മാത്രമാണ്. ഒരു വിമർശനംകൊണ്ട് തകർന്നുപോകാൻ മാത്രം ദുർബലമാണ് നമ്മുടെ ദേശീയപ്രസ്ഥാനമെങ്കിൽ അതിന് നിലനിൽക്കാൻ അവകാശമില്ല; അതു തകരട്ടെ.

പ്രത്യേകകാരണമൊന്നും കൂടാതെ തന്നെ ശ്രീ. പട്ടം സ്ഥാനമൊഴിയേണ്ടതാണ്. അത്രക്കധികം കാലമായി അദ്ദേഹമാസ്ഥാനമലങ്കരിച്ചു തുടങ്ങിയിട്ട്. ഇന്ത്യൻ നാഷനൽകോൺഗ്രസ്സിൽ എല്ലാവർഷവും തെരഞ്ഞെടുപ്പ് നടത്തുന്നതു് അതതുവർഷത്തെ പ്രസിഡണ്ട് അനർഹമായിത്തീരുന്നതുകൊണ്ടല്ലല്ലോ. മൈസൂറിന്റെ മാതൃക നമുക്ക് സ്വീകരിക്കുന്നതിൽ എന്താണ് തെററ്.

വ്യക്തിപരമായി വിമർശനാർഹമായ പല ആരോപണങ്ങളും ഈ ബഹുമാന്യനേതാവിനെപ്പററി ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ എ. ററി. സി. സി. തെരഞ്ഞെടുപ്പിൽ ആലപ്പുഴ ഡിവിഷൻകമ്മററിയുടെ പരാതി അന്യായമായി തീർപ്പുചെയ്തതിൽ ശ്രീ. പട്ടം തന്റെ സുപ്രസിദ്ധമായ ആത്മാർത്ഥതയിൽ നിന്നും സത്യത്തിൽനിന്നും വ്യതിചലിച്ചിട്ടില്ലേ എന്ന് ശങ്കിക്കുന്നവർപലരുമുണ്ട്. ഈ ആശങ്ക അത്ര അടിസ്ഥാനരഹിതമാണെന്ന് ഗണിക്കുവാൻ തെളിവുകൾ അനുവദിക്കുന്നില്ല. ആലപ്പുഴ തൊഴിലാളികളുടെ ഇടയിൽതന്നെ ചെന്ന് അവരുടെ രാഷ്ട്രീയപാർട്ടിയായ കമ്മ്യൂണിസ്റ്റുപാർട്ടിയെ (ശ്രീ പട്ടത്തിനതു് ഇഷ്ടമാണെങ്കിലും ഇല്ലെങ്കിലും, തിരുവിതാംകൂറിലെ സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വം അവർക്കാണ്.) അപലപിക്കേണ്ട ആവശ്യമുണ്ടോ? വിദ്യാരഹിതരായ തൊഴിലാളികൾ കൂക്കുവിളിച്ചുവെന്ന് ബഹുമാ


(ശേഷം 12-ാംപേജിൽ)


## വിഷയവിവരം.


1. പട്ടം രാജിവയ്ക്കണം– സി. ജെ. തോമസ്
2. കിഴവന്റെമറുപടി(കഥ) കാരൂർ നീലകണ്ഠപ്പിള്ള
3. നീറുന്ന യുവലോകം– സുകുമാർ
4. തീയെ തൊട്ടുകളിച്ചാൽ– (കഥ) എ, ററി മാക്സ്
5. ഇങ്ങോട്ടു നോക്കുക– കെ. സുരേന്ദ്രൻ
6. നോവൽ പംക്തി
7. പ്ളാനിങ്ങ്– എം. ഇ. മത്തായി
8. റഷ്യയും സ്റ്റാലിനും– കെ. വി. രാമകൃഷ്ണൻ



പ്രസന്നകേരളം
പുസ്തകം 18 ലക്കം 7
16—6—46
വില രണ്ടണ.

റുമൊരു വ്യവസായമായി തള്ളിയിരിക്കുകയാണ് മിക്ക എഴുത്തുകാരും. ജനങ്ങളുടെ സംസ്കാരവുമായിട്ടാണ് അതിന്റെ പെരുമാററമെന്നുള്ളത് ആരുമറിയുന്നില്ല. ജനകീയസംസ്കാരത്തിന്റെ ശരിയായ പാലകർതന്നെ നിങ്ങൾ!"

"നിങ്ങളുടെ വാദഗതി ഞാൻ അറിയുന്നു. പക്ഷേ, മിസ്റ്റർ, ഇത്തരം സാംസ്ക്കാരിക മാരികളോട് ഫലപ്രദമായി എതിരിടുവാൻ ഒരു ജനകീയഭരണകൂടത്തിന്റെ അധികാരശക്തിയുള്ള സെൻഷ്വറിംഗ് ബോർഡിനെക്കൊണ്ടു മാത്രമേ സാദ്ധ്യമാവൂ."

അതു് ശരിയായിരിക്കാം. പറഞ്ഞുപറഞ്ഞു വരുമ്പോൾ എല്ലാം അവിടെച്ചെന്നു് നില്ക്കും. എന്നുവച്ചു്—"

"എന്നുവല്ലല്ലോ. ജനകീയ സംസ്ക്കാരത്തെ ഉയർത്തണമെങ്കിൽ എല്ലാ സാംസ്ക്കാരിക പ്രവർത്തനങ്ങളേയും നിയന്ത്രിക്കണം; അവശ്യം നിയന്ത്രിക്കണം. അതുകൊണ്ടു് മാത്രമേ ജനങ്ങളുടെ ബോധമില്ലായ്മയെ ചൂഷണംചെയ്തു കീശവീർപ്പിക്കുന്ന നീചശക്തികൾ മൂകമാവൂ."

"കുറെയൊക്കെ. എന്നിരുന്നാലും അതുവരെ ജനകീയ സാഹിത്യകാരന്മാരുടെ കർത്തവ്യം ഇല്ലാതാവുന്നില്ല; മററു സാംസ്ക്കാരിക പ്രവർത്തകരുടെ ചുമതല ഒഴിഞ്ഞുപോവുന്നില്ല.

"കർത്തവ്യവും ചുമതലയും! അവരെന്തുചെയ്യണമെന്നാണ് നിങ്ങൾ പറയുന്നതു്?"

"പ്രചരണം! പ്രചരണം! ശക്തിയായ, വിപുലമായ പ്രചരണം! മുമ്പേ ഞാൻ പറഞ്ഞതും ഇനി പറയുന്നതും അതുതന്നെയാണ്. നിങ്ങളോടു മാത്രമല്ല, നിങ്ങളെപ്പോലുള്ള എല്ലാ സംസ്ക്കാരികപ്രവർത്തകരോടും പറവാൻ എനിയ്ക്കാഗ്രഹമുണ്ട്. 'സുഹൃത്തേ, ഇങ്ങോട്ടു നോക്കൂ! ഇതും നിങ്ങളുടെ ജോലിയാണ്!'"

---


## പ്രസന്നകേരളം

കളരിക്കൽബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| കൊല്ലത്തേക്ക് | 6 ക. |
| ആറുമാസത്തേക്ക | 3 ക. |
| മൂന്നുമാസത്തേക്ക | ഒന്നരക. |

മാനേജർ


ഞങ്ങളുടെ നോവൽപംക്തി.

# ഐവാൻ നിക്കുലിൻ.

കഴിഞ്ഞ കഥ

(റഷ്യൻനാവികൻ, ഐവാൻ നിക്കുലിൻ അവധികഴിഞ്ഞു് യുദ്ധരംഗത്തേക്ക് മടങ്ങുകയാണ്. തീവണ്ടിയിൽവച്ചു കിട്ടിയ കൂട്ടുകാരുംകൂടെ അവർ ഇരുപത്തഞ്ചുപേരുടെ ഒരു സംഘമായി. സാധാരണ വണ്ടികളിൽ സ്ഥലമില്ലാത്തതുകൊണ്ടു് യുദ്ധരംഗത്തേക്ക് പോകുന്ന ഒരു സാമാനവണ്ടിയിൽ അവർ കയറിക്കൂടി. വഴിക്ക് വച്ചു് ഒരു ഞരക്കംതൊട്ടുകൂടി വണ്ടി നിന്നു. ജർമ്മൻകാരായിരിക്കുമോ എന്നു അവരുടെ അന്വേഷണത്തിനു് മറുവടിയായി പുറത്തുനിന്നു് തുടരെയുള്ള വെടിയുടെ ശബ്ദമാണ് കേട്ടതു്. ഇനി മുന്നോട്ട് വായിക്കുക.)

## ആദ്യത്തെ യുദ്ധം.

നിക്കുലിന്റെ കണ്ണുകൾ അയാളുടെ സ്നേഹിതന്മാരുടെ മുഖത്തേക്ക് പാഞ്ഞു. അവരെബാധിച്ച സ്തംഭനം ഒരു നിമിഷനേരത്തേക്ക് കൂടിതുടന്നാൽ എല്ലാം നശിക്കും എന്നയാൾക്ക് മനസ്സിലായി.

ജർമ്മൻകാർ ബഹളമുണ്ടാക്കിക്കൊണ്ടു് തീവണ്ടി പരിശോധിക്കുകയായിരുന്നു.

"കമന്നുകിടക്കൂ" നിക്കുലിൻ ആജ്ഞാപിച്ചു. "നിശബ്ദം! വാതിൽ തുറക്കുന്ന ഉടൻ ആ പന്നികളുടെ നേരെ ചാടുക. കൈയിൽകിട്ടുന്നവനെ കഴുത്തുഞെരിച്ചുകൊല്ലണം. ആദ്യംനോക്കികിട്ടുന്നവൻ ആയുധമില്ലാത്തവന്മാരുടെ നേരേവെടി തുടങ്ങിക്കൊള്ളണം."

അവർ എല്ലാവരും കമന്നുകിടന്നു. ആരും ഒരു ശബ്ദവുമുണ്ടാക്കിയില്ല. ബഹളം അടുത്തടുത്തുവന്നു. ജർമ്മൻ വാക്കുകൾ തിരിച്ചറിയാമായിരുന്നു. പെട്ടെന്നു് ഫോമിച്ചോവ് ചാടി എഴുന്നേററു.

"തനിക്കെന്തുപററി? "നിക്കുലിൻ" മന്ദസ്വരത്തിൽ ചോദിച്ചു.

"ഒരു വിദ്യ!" ആവേശഭരിതനായി ഫോമിച്ചോവ് പറഞ്ഞു. "എനിക്കൊരുവിദ്യ തോന്നുന്നു. നമുക്കവരെ ഇതിനകത്തു കയററണം. ഇവിടെയാണ് അവരെ വകവരുത്താൻ സൗകര്യം."

അയാൾ മററു് നാവികന്മാരെയൊക്കെ വയ്ക്കോലിട്ടു് മൂടി. കൃത്യസമയത്താണ് ആ ജോലികഴിഞ്ഞതു്. അപ്പോഴേക്കും വണ്ടിയുടെ പുറത്തെത്തി കഴിഞ്ഞിരുന്നു. ജർമ്മൻകാർ വാതിൽ വലിച്ചുതുറന്നു.

"റസ്, കീഴടങ്ങുക! "വെറുക്കപ്പെട്ട ഒരു വിദേശശബ്ദം ഉത്തരവായി" പുറത്തിറങ്ങിവരു ആരും അനങ്ങിയില്ല. ശബ്ദിച്ചുമില്ല. മുരങ്ങിക്കൊണ്ടു് ആദ്യം രണ്ടു ജർമ്മൻകാർ വണ്ടിയിലേക്ക് കയറി. പിന്നീട് രണ്ടുകൂടി. മററുള്ളവർ വാതിൽക്കൽ കൂട്ടംകൂടി.

തിക്കലിൽ, കണ്ണിനുനേരേ കണ്ടതു് രണ്ടു വൃത്തികെട്ടചെരുപ്പുകളും തടിയൻ കാലുകളുമായിരുന്നു മിന്നൽവേഗത്തിൽ അയാൾ അതിലൊരു കാലിൽ പിടിച്ചു് ആഞ്ഞുവലിച്ചു. ജർമ്മൻകാരൻ മുഖംഅടിച്ചു് വീണു. അപ്പോഴേക്കും അയാളുടെ ടോമിതോക്ക് ക്രൈലോവിന്റെ കൈവശമായി. ഫോമിച്ചോവ് ചാടി എഴുന്നേററു് ഏററവും അടുത്തുനിന്ന ജർമ്മൻകാരന്റെ മുഖത്തു് കൈ ചുരുട്ടിഇടിച്ചു. അയാളുടെ മൂക്കിൽനിന്നും വായിൽനിന്നും രക്തം ഒഴുകി. ഒററ ഇടികൊണ്ടു് അയാൾമരിച്ചുതാഴെവീണു. ഷുക്കോവും സെറിബ്രിയാക്കോവും കൂടി ഈ സമയം മൂന്നാമത്തെ ജർമ്മൻകാരനുമായി ഉരുട്ടിപിടിക്കുകയായിരുന്നു. നാലാമത്തെ ആ അമ്മാവൻ ഒരുമൂലയ്ക്കു് നിന്നു പിസ്റ്റോൾ എടുത്തുകൊണ്ടു് 'ചാറപിറാ'ന്നു് കൂത്തുകയാണ്. ഇടത്തുകൈകൊണ്ടു് അമ്മാവൻ അയാളുടെ ടോമിതോക്ക് പിടിച്ചുവാങ്ങി.

ഇതെല്ലാം ഒരു ക്ഷണത്തിൽ കഴിഞ്ഞു. അടുത്ത ക്ഷണത്തിൽ ജർമ്മൻകാരുടെ തോക്കുകളിൽ നിന്നു് അവരുടെ നേക്കു തന്നെ വെടിയുണ്ട മഴപോലെ പൊഴിഞ്ഞു തുടങ്ങി. ഇതി കർത്തവ്യതാ മൂഢന്മാരായി അവർ പാഞ്ഞു തുടങ്ങി. അട്ടഹാസവും കൂക്കവിളിയുമായി നാവികന്മാർ വണ്ടിക്കു പുറത്തേയ്ക്കു് ചാടി. ജർമ്മൻകാർ ഓട്ടം തുടങ്ങി. ചത്തുവീണ ജർമ്മൻകാരുടെ തോക്കുകൾ നാവികന്മാർ പെറുക്കിയെടുത്തു. ജർമ്മൻകാരുടെ ഏറു ബോംബുകൾ അവരുടെ ഇടയിൽ തന്നെ പൊട്ടിത്തുടങ്ങി. ഇത്രയുമായപ്പോഴേയ്ക്കും വഴിക്കടുത്തുള്ള ഒരു കുററിക്കാട്ടിൽ നിന്നു മെഷീൻ തോക്ക വെടിവെച്ചു തുടങ്ങി. നാവികന്മാരുടെ കഥ ഇതോടെ അവസാനിക്കുമായിരുന്നു. പക്ഷെ അവരുടെ പുറകിലായിപ്പോയ ക്രൈലോവ് ജർമ്മൻകാർ ഒരു മെഷീൻതോക്ക വലിച്ചുകൊണ്ടുവന്നു് നാവികന്മാരെ പുറകിൽ നിന്നു ആക്രമിക്കാൻ ഭാവിക്കുന്നതു കണ്ടു. ഒരു ഏറു ബോംബുമായി ക്രൈലോവ് മുന്നോട്ടു പാഞ്ഞു. കുറെ പുകയായിരുന്നു അതിന്റെ ഫലം. പുകയൊക്കെ മാറിയപ്പോൾ രണ്ടു സബ് മെഷീൻ തോക്കുകളും അതിനടുത്തു ചത്തു കിടക്കുന്ന മൂന്നു ജർമ്മൻകാരെയുമാണ് കണ്ടതു്. ബാക്കിയുണ്ടായിരുന്നവർ കൈകൾ പൊക്കിപ്പിടിച്ചുകൊണ്ടു കീഴടങ്ങി.

"ഷുക്കോവ്! ഫോമിച്ചോവ് ഇതിലേ, ഇവിടെ" യുദ്ധം അരമണിക്കൂർ നീണ്ടു നിന്നു. നിരായുധരായ ഇരുപത്തഞ്ചു നാവികന്മാർ സർവ്വ ആയുധങ്ങളുമായി വന്ന ഒരു വലിയ സംഘം ജർമ്മൻകാരുമായിട്ടുള്ള സമരം അറുപത്തെട്ടു ജർമ്മൻകാർ അവരുടെ അക്രമപ്രസക്തിയുമായി പരലോകത്തേ

(ശേഷം 12-ാംപേജിൽ)


പ്രതീക്ഷിപ്പിൻ പ്രതീക്ഷിപ്പിൻ

ചങ്ങമ്പുഴയുടെ അടുത്തകൃതി!

**യവനിക**

(ഭാവസുന്ദരങ്ങളായ അനേകം ചിത്രങ്ങൾ കോർത്തിണക്കിയിട്ടുള്ള ഒരു ശോകാത്മക കാവ്യം)

[അച്ചടിച്ചുവരുന്നു]

പ്രസാധകന്മാർ:—

മംഗളോദയം ലിമിറ്റഡ്

തൃശ്ശിവപേരൂർ



**"MODERN"**

*The Ultra Modern Hotel*

(Bar Attached)

Caterers and Confectioners, Kottayam

# തൊഴിലാളിലോകം

## റെയിൽവേബോർഡ്

### ഒളിച്ചുവച്ചിരിക്കുന്ന നിധി

(അഖിലേന്ത്യാ റെയിൽവേമെൻസ് ഫെഡറേഷന്റെ ആക്ഷൻ കമ്മററി അംഗങ്ങളായ മെ വെദാ, ജോതിബാസു, മിർസാമഹമ്മദ് ഇബ്രാഹിം എന്നിവരുടെ പ്രസ്താവന)

"വണ്ടിക്കൂലിയിൽ യാതൊരു വ്യത്യാസവും വരുത്താതെ തന്നെ പത്തുലക്ഷം തൊഴിലാളികളുടെ നില നന്നാക്കുവാനുള്ള പണം ഉണ്ടു്"

ഓരോ വർഷവും അതിന്റെ വിലയിൽ നാൽപതിലൊന്നു് ആ ഫണ്ടിലേക്കിടുകയും അങ്ങിനെ നാൽപതുകൊല്ലം കഴിയുമ്പോൾ പുതിയ ഒരെണ്ണം വാങ്ങുന്നതിനുള്ള പണമുണ്ടായിരിക്കുകയും ചെയ്യും. അങ്ങിനെ നാൽപതു കൊല്ലക്കാലം അതു കൊണ്ടു ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീടും അതിന്റെ വില മിച്ചമായിരിക്കുകയും ചെയ്യും. ഇതു് സാധാരണ ഒരു വ്യവസായത്തിലും നടപ്പുള്ള ഏർപ്പാടല്ല. ഇതു് ഒളിച്ചുവയ്ക്കാവുന്ന അമിതലാഭം ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗമാണു്. ഈ ക്രമാതീതമായി കേടുപാടുകൾ തീർക്കുന്നതിനു് വേണ്ടിവരുന്ന തുകയിൽ നിന്നു് വളരെ കൂടുതലുള്ള ഒരു തുക ഈ ഇനത്തിലേക്കു് മാററിവയ്ക്കുന്നുണ്ടു്. 1944-45 കാലത്തു് അററകുററപ്പണിയ്ക്കു് ആകെ ചെലവായതു് 8 കോടി പതിനെട്ടുലക്ഷം മാത്രമായിരുന്നെങ്കിലും അതിനാവശ്യപ്പെട്ട തുക 17 കോടി ഒരു ലക്ഷമായിരുന്നു. അങ്ങിനെ ആറുകോടിയിൽ വളരെ കൂടുതൽ തുക വർഷംതോറും ഡിപ്രിസിയേഷൻ ഫണ്ടിലേക്കു് അനാവശ്യമായി മാററിവയ്ക്കപ്പെടുന്നുണ്ടു്. യഥാർത്ഥത്തിൽ ഈ ആറുകോടി മാത്രമല്ല തൊഴിലാളികളുടെ നില നന്നാക്കുന്നതിനായി അമ്പതുകോടി രൂപായോളം കിട്ടുവാനുണ്ടു്.

പലിശയിനത്തിൽ റെയിൽവേകൾക്കു് ഒരു വലിയ തുക ചെലവാകുന്നുണ്ടു്. ഇതു് അനാവശ്യമാണു് ഒരു വർഷം 28 മുതൽ 30 കോടിവരെ രൂപാ ഈ ഇനത്തിൽ ചെലവാകുന്നുണ്ടു്. ഈ കണക്കുവച്ചു നോക്കുമ്പോൾ കഴിഞ്ഞ 46 വർഷംകൊണ്ടു് 1,288 കോടിരൂപാ കൊടുത്തുകഴിഞ്ഞിരിക്കുന്നു. മുതലിന്റെ ഒന്നര ഇരട്ടിയിൽ കൂടുതൽ പലിശയായി കൊടുത്തുകഴിഞ്ഞിട്ടു് പിന്നീടും വർഷംതോറും 28-30 കോടിരൂപാ ആയിനത്തിൽ കൊടുക്കുന്നതു് എങ്ങിനെയാണു് നീതീകരിക്കുന്നതു്. വിദേശ്യമുടക്കമുതലിന്റെയും ഭരണത്തിന്റെയും കാര്യം പരിഗണിച്ചാൽ തന്നെയും, ഏററവും നല്ല ബാങ്കുകൾ രണ്ടരയും ശതമാനം പലിശമാത്രം കൊടുക്കുമ്പോൾ ഒരു പൊതുജനസേവനവകുപ്പ് മൂന്നരയും മൂന്നേമുക്കാലും ശതമാനം പലിശ കൊടുക്കുന്നതു് എന്തു ന്യായത്തിന്മേലാണു്. അങ്ങിനെ നോക്കിയാൽ ന്യായമായ ഒരു പലിശ കൊടുത്താൽകൂടി 10 കോടി രൂപാ ലഭിക്കാവുന്നതാണു്.

ആക്ഷൻ കമ്മററിയുടെ ആസ്ഥാനം ഡൽഹിയിലൊ അതുപോലെ മററയ മറേറതെങ്കിലും സ്ഥലത്തോ ആയിരിക്കും. ഓരോ റെയിൽവെയ്ക്കും ഓരോ പ്രത്യേക പണിമുടക്കു കമ്മററി ഉണ്ടായിരിക്കുന്നതാണു്. ഏററവും ചെറിയ ഘടകം സ്റ്റേഷൻ കമ്മററികളാണു്. ജൂൺ 27-ാം നു- അർദ്ധരാത്രി കഴിഞ്ഞു് അടുത്തെത്തുന്നസ്റ്റേഷനിൽ ഓരോ തീവണ്ടിയും നിറുത്തുന്നതാണു്. ഓരോ യൂണിയനും ഇനമായിട്ടും പണമായിട്ടും 50000 രൂപാ പിരിക്കേണ്ടതാണു്. അത്യാവശ്യമുള്ളവർക്കു മാത്രമെ പണിമുടക്കു കമ്മററിയിൽ നിന്നു സഹായമുണ്ടാവുകയുള്ളു. കഴിയുന്നിടത്തോളം തൊഴിലാളികൾ മററാരെയും ആശ്രയിച്ചുകൂടാ. ആക്ഷൻ കമ്മററി അംഗങ്ങളെ അറസ്റ്റു് ചെയ്യുന്നപക്ഷം നേതൃത്വം കൊടുക്കേണ്ട പ്രവർത്തകരുടെ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ടു്. എല്ലാവരും അറസ്റ്റു് ചെയ്യപ്പെടുകയാണെങ്കിൽ ഓരോ സ്റ്റേഷൻ കമ്മററിയും സ്വതന്ത്രമായി പ്രവർത്തിക്കുന്നതായിരിക്കും.

ആക്ഷൻ കമ്മററി അംഗങ്ങളായ മെ. ശിവനാഥബാനർജി, അമാർഹാത്കി, അഘ്ഗർസാക് എന്നിവർ ഒരു പ്രസ്താവനയിൽ റയിൽവേകൾ ഗവർമ്മെൻറിന്റെ ഡിഫൻസു വകുപ്പിനു കഴിഞ്ഞ 6 വർഷങ്ങൾകൊണ്ടു് 200 കോടി രൂപാ കൊടുത്തിട്ടുണ്ടെന്നു പറയുന്നു. ഇതു ഡിഫൻസുദ്യോഗസ്ഥന്മാരുടെ യാത്രയ്ക്കു അനുവദിച്ച സൗജന്യനിരക്കുകൾ കൊണ്ടാണു്. പതിവനുസരിച്ചു പൊതുമുതലെടുപ്പിലേക്കു് കൊടുക്കേണ്ട തുകയിൽനിന്നു് 48 കോടിരൂപാ കൂടുതലുംകൊടുത്തിട്ടുണ്ടു്. 50 കോടിക്കുപകരം ഡിപ്രിസിയേഷൻ ഫണ്ടിലേക്കു കൊടുത്തിട്ടുള്ള തുക 100

റെയിൽചാർജ് വർദ്ധിപ്പിക്കേണമെന്നു മാത്രമല്ല, അതു് കുറയ്ക്കുവാനും ന്യായങ്ങളുണ്ടു്. ഞങ്ങൾ റെയിൽ ചാർജ്ജുകളിൽ ഒരു വർദ്ധനവിനും ആവശ്യപ്പെടുന്നില്ലെന്നും, യാത്രാസൗകര്യങ്ങൾ കൂട്ടുവാൻ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പൊതുജനങ്ങൾക്കു് ഉറപ്പു നൽകുന്നു.

ഡിപ്രിസിയേഷൻ ഫണ്ടിലേക്കു് 100 കോടി രൂപായിലധികം കൂട്ടിയിട്ടുണ്ടു്. ഒരു പ്രത്യേക കാലഘട്ടത്തിനുശേഷം പഴകിയതായ യന്ത്രസാമഗ്രികൾ നന്നാക്കുന്നതിനായി മാററിവയ്ക്കുന്ന തുകയാണു് ഡിപ്രിസിയേഷൻ ഫണ്ടു്. ഉദാഹരണമായി ഒരു തീവണ്ടി എൻജിന്റെ വില ഒരു ലക്ഷം രൂപയാണെന്നിരിക്കട്ടെ. അതു നാൽപതുകൊല്ലത്തെ ഉപയോഗത്തിനു പററിയതാണെങ്കിൽ

---

(4-ാം പേജിൽനിന്നു തുടർച്ച)
ന്ന രാജ്യമേ! കലാപ്രബുദ്ധമായ കേരളമേ, നിന്റെ അരുമക്കിടാങ്ങളുടെ ഗതി ഇതോ? അഭിമാനത്താൽ മദിക്കുന്ന വിദ്യാസമ്പന്നരായ മലയാളികളേ, ഇത്തരം ബാലന്മാർ നിങ്ങളുടെ നാട്ടുകാരല്ലെ?

കവികളാൽ വാഴ്ത്തപ്പെട്ട, സൗന്ദര്യവും സംസ്കാരവും സമ്മേളിക്കുന്ന, നമ്മുടെ വനിതാലോകത്തിന്റെ നില എന്തു്? ഇന്ത്യൻ വനിതാ സൈന്യത്തിൽ ചേന്നു്, അഭ്യസ്തവിദ്യരായ അനേകം മലയാളി വനിതകൾ ഇന്തിനോടകംസൈനിക ചളിക്കുഴിയിൽ അകപ്പെട്ടുകഴിഞ്ഞു തുടിക്കുന്ന ഹൃദയത്തോടും കണ്ണീർനിറഞ്ഞ നയനങ്ങളോടുംകൂടി മാത്രമേ, ഇത്തരംവനിതകളുടെ ദയനീയ ചക്ഷുക്കൾ ദർശിക്കുവാൻ ദൂരസ്ഥനായ ഒരു ഉത്തമ മലയാളിക്കു സാധിക്കു

മലയായിലെ 'ഇൻഡ്യൻ ഇൻഡിപ്പെൻഡൻഡ്' ലീഗിന്റെ ഒരു ഘടകംമാത്രമാണു്, നേതാജിയുടെ ദേശീയസേന. ഈ ലീഗിന്റെ ജനയിതാവായ ശ്രീ. രാഘവൻ അന്യനാടിനെ അഭയംപ്രാപിച്ച ഒരു മലയാളിമാത്രമാണു്. നിങ്ങളുടെ ഭാവി എന്തായിരിക്കും? ബഷീർ തുടങ്ങിയ സ്വതന്ത്ര ചിന്തകരേപ്പോലെ നിങ്ങളും അനേകദിവസം പട്ടിണികിടന്നു നരകിക്കേണ്ടിവരുമോ? അഥവാ സർവകലാശാലാ ബിരുദധാരികളും ദേശീയത്വ ബോധം നിറഞ്ഞവരുമായ നിങ്ങൾ അഞ്ചൽ പ്യൂണുകളായും പോലീസുകാരായും തീരേണ്ടിവരുമോ? ജ്വലിക്കുന്ന ആവേശത്തോടും, നിറഞ്ഞ രാഷ്ട്രീയ ബോധത്തോടുംകൂടി, ഇന്നത്തെ സാമൂഹ്യസ്ഥിതിയെ പാടേ വിപാടനംചെയ്യാൻ നിങ്ങൾ അണിനിരക്കുവിൻ! സ്വാതന്ത്ര്യത്തിനായുള്ള നിങ്ങളുടെ അട്ടഹാസത്താൽ യാഥാസ്ഥിതികത്വം വിറയ്ക്കട്ടെ!!

---


# ഓറിയൻറ് സെൻട്രൽ ബാങ്ക് ലിമിററഡ്

## ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ:—കോട്ടയം, പാലാ, പിറവം, ഈരാററുപേട്ട, കോതമംഗലം, കുമരകം, എരുമേലി. കാളകെട്ടി, പാമ്പാടി.

## ഡയറക്ടറന്മാർ

1. മി. പി. കെ. കുഞ്ചൻ B. A. L. L. B. അഡ്വൊക്കേററ് കോട്ടയം (ചെയർമാൻ
2. മി. ററി. ജേക്കബ് പുന്നൻ B. A. തേറത്താനത്തു് കോട്ടയം.
3. മി. ജോസ് കള്ളിവയലിൽ പ്ലാൻററർ പാലാ.
4. മി. കെ. ഐ. വക്കി കരിമ്പനാൽ പ്ലാൻററർ, കാഞ്ഞിരപ്പള്ളി.
5. മി. കെ. ജെ. ചാണ്ടി കുട്ടിപ്പറമ്പിൽ ലാൻറു ലോർഡ്, വൈക്കം.
6. മി. ഇ. രാമൻമേനോൻ, പറയത്തു പറവൂർ.
7. മി. എം. സെയ്ദുമുഹമ്മദു റാവുത്തർ മാത്തിൽ കാഞ്ഞിരപ്പള്ളി.
8. മി. ഹോർമിസ് തരകൻ, അയ്യനാട്ടുപാററയിൽ തെക്കാട്ടുശേരി.

എല്ലാവിധ ബാങ്കിടപാടുകളും വിശ്വസ്തമായ രീതിയിൽ ചെയ്തുകൊടുക്കപ്പെടും.

കെ. പി. മാത്യു എം. ഏ. എൽ. എൽ. ബി.
(മാനേജിംഗ് ഡയറക്ടർ)

കെ. സി. ജോസഫ് ബി. എസ്. സി.
(സെക്രട്ടറി)

# തലശ്ശേരി ബീഡിത്തൊഴിലാളി യൂണിയൻ

### യോഗറിപ്പോർട്ട്

തലശ്ശേരി ബീഡിത്തൊഴിലാളികൾ ഗവർമ്മെൻറിൻെറയും മുതലാളിമാരുടെയും മുമ്പാകെ സമർപ്പിച്ച അടിയന്തിരാവശ്യങ്ങൾ വിശദീകരിക്കാൻ താലൂക്കിൻെറ നാനാഭാഗത്തും ചേരുവാനുദ്ദേശിക്കുന്ന പൊതുയോഗങ്ങളുടെ ഉൽഘാടനം ഇന്നു തലശ്ശേരി ജവഹർഘട്ടിൽ വച്ച് യൂണിയൻപ്രസിഡണ്ടിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തോടുകൂടി ഉൽഘാടനം ചെയ്യുതിരിക്കുന്നു. യോഗം അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കുകയും കെ പി ആർ മുതലായവരെ വിട്ടയയ്ക്കാനും ഒളിവിലുള്ളവരുടെ വാറണ്ടു പിൻവലിക്കാനും ആവശ്യപ്പെട്ടു. യോഗത്തിനു മുമ്പ് തൊഴിലാളികളുടെ ഒരു വമ്പിച്ച ജാഥ ടൌൺ ചുററുകയുണ്ടായി.

ആവശ്യങ്ങൾ

മുതലാളിമാരുടെ മുമ്പാകെ

1. യൂണിയൻ അംഗീകരിക്കുക. 2. കൊല്ലത്തിൽ മൂന്നു മാസത്തെ ബോണസ്സനുവദിക്കുക. 3. അടിസ്ഥാനക്കൂലിയിൽ 1000 ബീഡിക്കു 4 ണ. വർദ്ധിപ്പിക്കുക. 4. കൊല്ലത്തിൽ 15 ദിവസത്തെ കാഷ്വൽ ലീവും ശമ്പളത്തോടുകൂടി 15 ദിവസത്തെ സിക്ക്ലീവും അനുവദിക്കുക. 5. സാധാരണ കിട്ടിവരാറുള്ള പ്രവൃത്തിയിൽ അനാവശ്യമായി കുറവുവരുത്തുകയാണെങ്കിലോ തൊഴിൽ നഷ്ടപ്പെടുത്തുകയാണെങ്കിലോ അങ്ങിനെയുള്ള അവസരങ്ങളിൽ ശരാശരി കൂലി തൊഴിലില്ലായ്മവേതനമനുവദിക്കുക. 6. മുതലാളിമാരുടെ ചിലവിൽ നൂൽ ചുററിത്തരികയും പുകയില അരിച്ചുതരികയും ചെയ്യുക. 7. എണ്ണക്കെട്ട് സമ്പ്രദായം അവസാനിപ്പിക്കുക. 8. ഒരേതരം ബീഡിക്കു ഒരേ കൂലി അനുവദിക്കുക. 9. ഇന്നുള്ള സ്റ്റാൻഡിങ് ഓർഡറുകൾ പിൻവലിച്ചു കമ്പനിനടത്തിപ്പിനാവശ്യമായ ചട്ടങ്ങൾ തൊഴിലാളിപ്രതിനിധികളോടാലോചിച്ചു തയ്യാറാക്കുക. 10 ആരെയും പിരിച്ചുവിടാതിരിക്കുക.

ഗവർമ്മെൻറിൻെറ മുമ്പാകെ

1 പത്തുപേർ മുതൽ പ്രവൃത്തിയെടുക്കുന്ന എല്ലാ ഫാക്ടറികളും ഫാക്ടറീസ് ആക്ടിൽപെടുത്തുക. 2 പ്രൊഫസർ അദാക്കറുടെ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി എ ഐ ടി യു സി യുടെ ഭേദഗതിയനുസരിച്ചു ബീഡിത്തൊഴിലാളികൾക്കുകൂടി ബാധകമാക്കത്തക്ക നിലയിൽ നടപ്പിൽ വരുത്തുക. 3 പിരിച്ചുവിടൽ, ഫാക്ടറിപൂട്ടൽ, കൂലികുറയ്ക്കൽ, എന്നിവ നിയമംമൂലം തടയുക. 4. മററു വ്യവസായത്തിലെ തൊഴിലാളികൾക്കു ബാധകമാകുന്ന നിയമസൌകര്യങ്ങൾ ബീഡിത്തൊഴിലാളികൾക്കും ബാധകമാക്കുക. 6 ബീഡി, ഇല, പുകയില എന്നിവയുടെ സ്റ്റോക്കും വിലയും നിയന്ത്രിക്കുക.

---

കോടിയാണ്.

ഇതുവരെയായി 11 റയിൽവേകൾ പണിമുടക്കു നോട്ടീസ് കൊടുത്തിട്ടുണ്ട്.

റയിൽവെ തൊഴിലാളികളുടെ ആവശ്യങ്ങൾ ന്യായമാണെന്നും, അവ അനുവദിച്ചുകൊടുത്തു പണിമുടക്കു നിർത്തിവയ്ക്കേണ്ടതാണെന്നും, 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രം, അഭിപ്രായപ്പെടുന്നു.

എം എസ്സ് എം, എസ്സ് ഐ ആർ, എന്നീ റയിൽവേകളിലെ തൊഴിലാളിപ്രതിനിധികളും മദ്രാസ് മന്ത്രിമാരുമായി പണിമുടക്കുണ്ടാവുന്ന പക്ഷം ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള മററുമാർഗ്ഗങ്ങളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്നു.

# അലൂമിനിയം ഫാക്ടറി വർക്കേഴ്സ് യൂണിയൻ തൊഴിൽതർക്കം

അലൂമിനിയം ഫാക്ടറി വർക്കേഴ്സ് യൂണിയൻ പണിമുടക്കു കമ്മററി 1946 ജൂൺ നാലാം തീയതി യോഗം ചേർന്നു താഴെ ചേർക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചിരിക്കുന്നു,

പണിമുടക്ക്

1946 മെയ് 18-ാം നു- പണിമുടക്കു നോട്ടീസ് പൻവലിച്ചെങ്കിലും ഇതിനു ശേഷം ഗവർമ്മെണ്ടധികൃതർ വാക്കു തന്നിരുന്നതനുസരിച്ചു മദ്ധ്യസ്ഥകോടതിയെ നിയമിക്കുവാൻ ധാരാളം സമയമുണ്ടായിരുന്നിട്ടും ഇതുവരെ അപ്രകാരമൊന്നും ചെയ്തു കാണാത്തതിനാലും തർക്കങ്ങളുടെ അടിയന്തിരാവസ്ഥയെ കുറിച്ചു ഗൌരവമായി ഗണിച്ചും ഒരു മദ്ധ്യസ്ഥനെ നിയമിച്ചു കിട്ടുന്നതിനു വേണ്ടി 1946 ജൂൺ 10-ാം നു- വരെ കാത്തിരുന്നാൽ മതിയെന്നു ഈ യോഗം തീരുമാനിക്കുന്നു. ജൂൺ 10-ാം നു-ക്കു മുമ്പു തീരുമാനമുണ്ടാകാത്തപക്ഷം പണിമുടക്കിനാവശ്യമായ നടപടികൾ യൂണിയൻ കൈക്കൊള്ളുന്നതാണെന്നു ഈ യോഗം മാനേജ്മെണ്ടിനേയും ഗവർമ്മെണ്ടിനേയും അറിയിക്കുന്നു.

## പിരിച്ചുവിടൽ

വീണ്ടും മാനേജ്മെൻറ് തൊഴിലാളികളെ പിരിച്ചുവിടുന്നതിനു ആലോചിച്ചുവരുന്നതായി കമ്മററിക്കു ബോദ്ധ്യം വന്നിരിക്കുന്നു. ചിലരെയെല്ലാം പുതിയജോലികളിലേക്കു മാററിയിട്ടുണ്ട്. ഇതുവരെ അന്യായമായി പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നുള്ളതു തൊഴിലാളികളുടെ അടിയന്തിരാവശ്യമാണ്. ഈ അടിയന്തിരാവശ്യം മദ്ധ്യസ്ഥകോടതിക്കു വിട്ടുകൊടുക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളെ വീണ്ടും പിരിച്ചുവിടുമെന്നുപറയുന്നതക്രമമാണ്. ഒരു മദ്ധ്യസ്ഥകോടതി ഇതിനുമുമ്പു പിരിച്ചുവിട്ടവരെ സംബന്ധിച്ചു ഒരു തീരുമാനമുണ്ടാകുന്നതുവരെ വീണ്ടും പിരിച്ചുവിടാൻ തുടങ്ങിയാൽ യൂണിയൻ സർവശക്തികളുമുപയോഗിച്ചു ഇതിനെ തടയുന്നതാണ്. ഒററത്തൊഴിലാളിയേപ്പോലും ഇനി പിരിച്ചയച്ചാൽ തിരിച്ചെടുക്കുന്നതുവരെ സത്യാഗ്രഹം നടത്തുന്നതാണെന്നു ഈ യോഗം തീരുമാനിച്ചിരിക്കുന്നു.

# ഏ. ടി. ടി. യു. സി. യോഗം

അഖിലതിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് വർക്കിംഗ് കമ്മററിയുടെ 7-ാമതു സാധാരണയോഗം 121 ഇടവം 15-ാം നു- പകൽ 2 മണിക്ക് എ ടി ടി യു സി ആഫീസിൽവച്ചു് പ്രസിഡണ്ട് സ. ടി വി തോമസിൻെറ അദ്ധ്യക്ഷതയിൽ കൂടി.

ആലുവായിൽവച്ച് അടുത്ത വാർഷികം 121 മിഥുനം 16-ാം തീയതി നടത്തണമെന്നു തീരുമാനിച്ചു. ആലുവായിൽവച്ച് വാർഷികം നടത്തുന്നതിനു ഏതെങ്കിലും അസൌകര്യമുണ്ടെങ്കിൽ ഉചിതമായ ഒരു സ്ഥലത്തുവച്ച് വാർഷികം നടത്താനുള്ള അധികാരം ജനറൽ സെക്രട്ടറിക്കു കൊടുത്തു. താഴെച്ചേർക്കുന്ന പ്രമേയങ്ങൾ സർവസമ്മതമായി പാസാക്കി.

പ്രമേയങ്ങൾ

1. കിളികൊല്ലൂർ ലോക്കൗട്ട്— കിളികൊല്ലൂരുള്ള മി. തങ്ങൾകുഞ്ഞു മുസലിയാരുടെ കശുവണ്ടിഫാക്ടറിയിൽ വേല ചെയ്തു കൊണ്ടിരുന്ന 1800-ൽപരം തൊഴിലാളികൾ കഴിഞ്ഞ ഒരു മാസത്തിലധികമായി മി മുസലിയാർ നടത്തിയിട്ടുള്ള ഒരു ലോക്കൌട്ടുമൂലം പരിപൂർണ്ണമായ തൊഴിലില്ലായ്മയിലേക്കു വലിച്ചെറിയപ്പെട്ടിരിക്കുന്ന പരിതാപകരമായനിലയെ ഈ കമ്മററി ഉൽക്കണ്ഠാപൂർവം വീക്ഷിക്കുന്നു.

മി. തങ്ങൾകുഞ്ഞു മുസലിയാരുടെ ഗുണ്ടായിസം

നിയമപരമായി ഈ രാജ്യത്തു അനുവദിക്കപ്പെട്ടിട്ടുള്ള ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ "റൌഡിസം"കൊണ്ട് എതിർക്കുവാനുള്ള ഒരു സംരംഭം മി. തങ്ങൾകുഞ്ഞു മുസലിയാർ തുടങ്ങിയിരിക്കുന്നതായി ഈ കമ്മററിയുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. റൌഡികളെ ശേഖരിച്ച് ഫാക്ടറികളിൽ താമസിപ്പിച്ച് തൊഴിലാളികളെ ഭീഷണിപ്പെടുത്തുക, തൊഴിലാളികളെക്കൊണ്ടു യൂണിയനെതിരായ രേഖകൾ എഴുതി ഒപ്പിടുവിക്കുക, തൊഴിലാളി പ്രവർത്തകരെ ദേഹോപദ്രവമേൽപ്പിക്കുക മുതലായ പ്രവൃത്തികൾ മി. മുസലിയാരുടെ ഫാക്ടറികളിലും പരിസരങ്ങളിലും ഇപ്പോൾ സാധാരണ സംഭവങ്ങളായിരിക്കുന്നു. ചൈലം, കുണ്ടറ, കൊട്ടിയം, കിളികൊല്ലൂർ മുതലായ സ്ഥലങ്ങളിൽ തൊഴിലാളിപ്രവർത്തകരെ പരസ്യമായി അവമാനിക്കുകയും അടിക്കുകയും, അവരുടെ കൈവശമുള്ള സാധനങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

മുസലിയാരുടെ ഈ വക പ്രവർത്തനങ്ങൾ അപരിഷ്കൃതവും നിയമവിരുദ്ധവുമാണ് സമാധാനലംഘനത്തിനും വ്യാവസായികാസ്വസ്ഥതയ്ക്കും പ്രേരണ നൽകുന്നതായാൽ പ്രതിഷേധാർഹവുമാണ്. ഈ പ്രവർത്തനത്തിൽ നിന്നു മി. മുസലിയാരെ പിൻതിരിപ്പിക്കേണമെന്നു ഈ കമ്മററി ഗവർമ്മെണ്ടിനോടാവശ്യപ്പെടുന്നു.

(മററുചിലപ്രമേയങ്ങളും പാസ്സാക്കി.)

## ബാല്യസ്മരണകൾ

മി കെ സി മാമ്മൻ മാപ്പിളയുടെ സ്മരണകൾ ഏതാനും ആഴ്ചയ്ക്കു ശേഷമേ പ്രസിദ്ധപ്പെടുത്തുകയുള്ളു; (പ)


അച്ചടിയിൽ

വ്യ പ്രേമകഥകൾ

ഗ്രന്ഥകർത്താ

വി. സി. ചാക്കോ എം. ഏ.

വില രൂപാ 1.

ഡി. സി. കമ്പനി കോട്ടയം

